കേരള സർവകലാശാല

നം. പി.ആർ.213/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എഡ്. ഫലം

കേരള സർവ്വകലാശാല 2017 മേയ്-ൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി പരീക്ഷയുടെ (സപ്ലിമെന്ററി) ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## ഹോസ്റ്റൽ പ്രവേശനം

കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ എം.ഫിൽ/റിസർച്ച് വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് കാര്യവട്ടത്തെ സർവ്വകലാശാല പുരുഷ/വനിതാ റിസർച്ച് ഹോസ്റ്റലുകളിലേക്കും ഗവൺമെന്റ് കോളേജുകളിലെ എം.ഫിൽ/റിസർച്ച് വിദ്യാർത്ഥിനികൾക്ക് തൈക്കാട് വനിതാ ഹോസ്റ്റലിലേക്കും പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും നിലവിലുള്ള ഹോസ്റ്റൽ പ്രവേശനനിയമങ്ങളും അനുസരിച്ചായിരിക്കും. ഈ അധ്യയന വർഷം മുതൽ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. http://hostel.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

## ബി.എ.എസ്.എൽ.പി ഫലം

കേരള സർവ്വകലാശാല ഫെബ്രുവരി/മാർച്ച്-ൽ നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ആന്റ് ഓൾഡ് സ്കീം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 17 വരെ അപേക്ഷിക്കാം.

## എം.എ.എസ്.എൽ.പി ഫലം

കേരള സർവ്വകലാശാല മാർച്ചിൽ നടത്തിയ മൂന്നാം വർഷം എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് ഒക്ടോബർ 13 വരെ അപേക്ഷിക്കാം.

## പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സ്

കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിന് 2017-18 ലേക്കുള്ള അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. വിശദവിവരങ്ങൾക്ക് www.cgist.ac.in. ഫോൺ : 04712308214.

## പി.എച്ച്.ഡി. കോഴ്സ് വർക്ക്  ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. പുനപരിശോധനയ്ക്ക് ഒക്ടോബർ 13 വരെ അപേക്ഷിക്കാം. അപേക്ഷകൾ ഓരോ പേപ്പറിന് 500/- രൂപ ഫീസടച്ച് സി.എസ്.എസ്. ഓഫീസിൽ എത്തിക്കണം.

## പൂർവ്വ വിദ്യാർത്ഥി സംഗമം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, അലുമിനി അസോസിയേഷന്റെ നേതൃത്വത്തിൽ ഒക്ടോബർ എട്ടാം തീയതി രാവിലെ 10.30 ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വച്ച് പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിലെ പൂർവ്വ വിദ്യാർത്ഥികൾ (എം.എ, എംഫിൽ വിദ്യാർത്ഥികൾ, റിസർച്ച് സ്കോളേഴ്സ്) എന്നിവർ ഇതൊരു അറിയിപ്പായി കണക്കാക്കി ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടത്തിയ രണ്ട്, മൂന്ന് സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (റഗുലർ/റീ അപ്പിയറൻസ്) പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ എസ്.ഡി.ഇ പാളയം ഓഫീസിൽ നിന്നും ഒക്ടോബർ നാല്, അഞ്ച് തീയതികളിൽ ഹാൾടിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റ് കോപ്പി സഹിതം വന്ന് കൈപ്പറ്റേണ്ടതാണ്.

## ഏകദിന സെമിനാർ

കേരള സർവ്വകലാശാല അഡ്വാൻസ്ഡ് മെറ്റീരിയൽസ് എന്ന വിഷയത്തിൽ ഒക്ടോബർ നാലിന് ഏകദിന സെമിനാർ നടത്തുന്നു.  സ്കൂൾ ഓഫ് ഫിസിക്കൽ ആന്റ് മാത്തമാറ്റിക്കൽ സയൻസിന്റെയും രസതന്ത്ര വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സെമിനാറിൽ പ്രമുഖ ശാസ്ത്ര പ്രതിഭകളുടെ പ്രഭാഷണങ്ങൾക്കൊപ്പം ഗവേഷണ വിദ്യാർത്ഥികൾ തങ്ങളുടെ ഗവേഷണ പ്രബന്ധങ്ങളും അവതരിപ്പിക്കും. രസതന്ത്ര വിഭാഗം സെമിനാർ ഹാളിൽ നടക്കുന്ന പരിപാടി നാലാം തീയതി രാവിലെ ഒൻപത് മണിക്ക് എൻ.ഐ.ഐ.എസ്.റ്റി യിലെ സീനിയർ ശാസ്ത്രജ്ഞൻ ഡോ.കെ.വി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

## ബി.സി.എ ഫലം

കേരള സർവ്വകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്, ബി.സി.എ (2015 സ്കീം റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## ബി.ടെക് ടൈംടേബിൾ

കേരള സർവ്വകലാശാല ഒക്ടോബർ 20 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ  വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

തിരുവനന്തപുരം.
03.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**